## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6548** **11-11-2021 - ൽ മറുപടിയ്ക്ക്**

## വൈപ്പിൻ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരഗ്രാമം പദ്ധതിയിലൂടെ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | നാളീകേരകൃഷി വികസനത്തിനായി 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി തിരഞ്ഞെടുത്ത് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഓരോ കേരഗ്രാമത്തിലും തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടംതുറക്കൽ, കളനിയന്ത്രണം,, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമെ സാധ്യമായ കേരഗ്രാമങ്ങളിൽ മിനികയർ നിർമ്മാണ/ സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. പദ്ധതി പ്രകാരം താഴെ പറയുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തിരഞ്ഞെടുത്ത് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു. 1) സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ (സ്റ്റേറ്റ് പ്ലാൻ ഷെയർ 38 ലക്ഷം, LSGD ഷെയർ - 24.5 ലക്ഷം) ഇതിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു. a) ഇടയിളക്കൽ. തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ് (b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ് (c) കുമ്മായം - 9 രൂപ/ തെങ്ങ് (d) രാസവളം - 20 രൂപ/തെങ്ങ് (e) മഗ്നീഷ്യം സൾഫേറ്റ് - 3.75രൂപ/തെങ്ങ് (f) ജൈവവളം - 25 |

| | | | |
|---|---|---|---|
| | | | രൂപ/തെങ്ങ് (g) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ് (h) ജീവാണുവളങ്ങൾ,ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് - 75രൂപ/തെങ്ങ് (i) രോഗം ബാധിച്ചതും ഉൽപ്പാദനശേഷിനശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1000 രൂപ/തെങ്ങ് (j) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60രൂപ/തെങ്ങ് (k) ഇടവിള കൃഷി - 6000രൂപ/ഹെക്ടറിന് 2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/-രൂപ ക്രമത്തിൽ 20 ഹെക്ടറിന് പരമാവധി 5 ലക്ഷം രൂപ 3. തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം. 4. ജൈവവള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം. 5. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റ് സ്ഥാപിക്കൽ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, പഞ്ചായത്തു തല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവ്,മറ്റു കൂട്ടായ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ. 6. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 15000/- രൂപ. 7. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം. |
| (ബി) | കേരഗ്രാമം പദ്ധതിയിൽ വൈപ്പിൻ മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ? | (ബി) | 2016-17 -ൽ വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ, നായരമ്പലം, എടവനക്കാട്, പള്ളിപ്പുറം, കുഴുപ്പിള്ളി എന്നീ 5 പഞ്ചായത്തുകളെ ഉൾപ്പെടുത്തി 500 ഹെക്ടറിലായി ഒരു കേരഗ്രാമം നടപ്പിലാക്കിയിട്ടുണ്ട്. തെങ്ങുകൃഷി മുഖ്യമായിട്ടുള്ളതും ചേർന്ന് കിടക്കുന്ന 250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നാളീകേര വികസനത്തിനായുള്ള സമഗ്രപദ്ധതി നടപ്പിലാക്കാൻ കഴിയുന്നതുമായ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രദേശങ്ങളെയാണ് കേരഗ്രാമം പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്നത്. മുൻവർഷങ്ങളിൽ കേരഗ്രാമം നടപ്പിലാക്കിയിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് ഇതിനായി മുൻഗണന നല്കി തിരഞ്ഞെടുത്തു വരുന്നത്. 2017-18 മുതൽ 250 ഹെക്ടറിലായിട്ടാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ